**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2726** **06-10-2025 - ൽ മറുപടിയ്ക്ക്**

**കോങ്ങാട് മണ്ഡലത്തിലെ ആറ്റില 1, ആറ്റില 2 എന്നീ ജലവൈദ്യുത പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ശാന്തകുമാരി കെ. | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കോങ്ങാട് മണ്ഡലത്തിലെ ആറ്റില 1, ആറ്റില 2 എന്നീ ജലവൈദ്യുത പദ്ധതികൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ; | (എ) | 11.12.2017- ലെ സർക്കാർ ഉത്തരവ് നം : G.O.(Ms)No.25/2017/PD പ്രകാരം അനുവദിച്ച് നൽകിയിട്ടുള്ള ആറ്റ്ലെ-I, ആറ്റ്ലെ-II പദ്ധതികളുടെ വനാനുമതിക്കായി സംരംഭകർ "പരിവേഷ് പോർട്ടൽ"- ൽ അപേക്ഷ നൽകിയിരുന്നു. എന്നാൽ വനം വകുപ്പ് അനുമതി നൽകാതെ 2023-ൽ അപേക്ഷ റദ്ദാക്കിയിരുന്നു. പിന്നീട് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, ഇ.എം.സി ഉദ്യോഗസ്ഥർ എന്നിവർ ചേർന്ന് നടത്തിയ പദ്ധതി പ്രദേശ പരിശോധനകൾക്ക് ശേഷം വന ഭൂമിയുടെ ഉപയോഗം കുറക്കുന്നതിന്റെ ഭാഗമായി ടെക്നോ-എക്കണോമിക് ഫീസിബിലിറ്റി റിപ്പോർട്ടിൽ അനുയോജ്യമായ മാറ്റങ്ങൾ വരുത്തി പുതിയ അപേക്ഷ വീണ്ടും പരിവേഷ് പോർട്ടലിൽ നൽകുവാൻ ആവശ്യപ്പെട്ടിരുന്നു. 20.01.2025- ന് സംരംഭകൻ പുതുക്കിയ അപേക്ഷ പരിവേഷ് പോർട്ടലിൽ സമർപ്പിച്ചിട്ടുണ്ട്. നിലവിൽ അപേക്ഷ പരിവേഷ പോർട്ടൽ പ്രകാരം വനം വകുപ്പിന്റെ പരിഗണനയിൽ തന്നെയാണ്. |
| (ബി) | പദ്ധതികൾ നടപ്പിലാക്കുന്നതിന് കാലതാമസം നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | പരിവേഷ് പോർട്ടൽ പരിശോധിച്ചപ്പോൾ, അപേക്ഷ സമർപ്പിച്ചതിന് ശേഷം വിവിധ ഘട്ടങ്ങളിലിയായി സംരംഭകൻ വനം വകുപ്പ് ആവശ്യപ്പെട്ട രേഖകൾ സമർപ്പിച്ചിട്ടുള്ളതാണ്. ഈ രേഖകൾ തയ്യാറാക്കി അയക്കുന്നതിലുള്ള കാലതാമസവും പരിശോധനകൾക്ക് വനം വകുപ്പിന് വേണ്ട സമയവും കാലതാമസത്തിന് കാരണമാകുന്നുണ്ട്. |
| (സി) | പ്രസ്തുത പദ്ധതികൾ എന്നത്തേക്ക് ആരംഭിക്കാൻ കഴിയും എന്ന് വ്യക്തമാക്കാമോ? | (സി) | വനം വകുപ്പിന്റെ അനുമതി ലഭിച്ചതിന് ശേഷം മാത്രം പദ്ധതി നിർമ്മാണം ആരംഭിക്കാൻ സാധിക്കുകയുള്ളൂ. സംരംഭകൻ വനം വകുപ്പ്/കേന്ദ്ര വനം മന്ത്രാലയം ആവശ്യപ്പെടുന്ന വിവരങ്ങൾ നല്കി വേണ്ട നടപടിക്രമങ്ങൾ (കോമ്പൻസേറ്ററി അഫോറെസ്റ്റേഷൻ ഭൂമി നല്കുന്നത് ഉൾപ്പടെ) |

| | | | | |
|---|---|---|---|---|
| | | | | പൂർത്തിയാക്കിയാൽ മാത്രമാണ് നിർമ്മാണത്തിന് വനാനുമതി നടപടി പൂർത്തിയാകുന്നത്. വനാനുമതി ലഭിച്ച് ഏകദേശം 2 വർഷത്തിനുള്ളിൽ പദ്ധതി പൂർത്തിയാക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. |

സെക്ഷൻ ഓഫീസർ